തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

ശബരിമല തീർത്ഥാടനകാലത്ത് നിലയ്ക്കലും, പമ്പയിലും, സന്നിധാനത്തും കലാപരിപാടികൾ നടത്തുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർഒസി 04/2026/ശബ തിരുവനന്തപുരം, തീയതി 30.10.2026

ശബരിമല സന്നിധാനത്തും, പമ്പയിലും, നിലയ്ക്കലിലും വൈകുന്നേരങ്ങളിൽ ചിലപ്പോൾ മാത്രം ചില കലാപരിപാടികൾ നടക്കാറുണ്ട്. അവയെല്ലാം ഭക്തർ സ്വമേധയാ അവതരിപ്പിക്കുന്നവയാണ്. ഇത്തരം കലാപരിപാടികൾക്ക് പ്രത്യേക പ്രാധാന്യം ബോർഡ് കൊടുത്തുകാണുന്നില്ല. എന്നാൽ ഇത്രയേറെ ഭക്തജനങ്ങൾ വളരെയധികം നേരം കാത്തിരിക്കുന്ന നിലയ്ക്കലിലും, പമ്പയിലും മുൻകൂട്ടി ആസൂത്രണം ചെയ്ത പ്രോഗ്രാമുകൾ നടത്താവുന്നതാണ്. പ്രസ്തുത വിഷയം 26.10.2026-ൽ കൂടിയ ബോർഡ് യോഗത്തിൽ ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുള്ളതാകുന്നു.

ഉത്തരവ്

1. സ്വമേധയാ സംഗീത പരിപാടികൾ അവതരിപ്പിക്കുന്നവർക്ക് പുറമെ, 25 ശതമാനം പരിപാടികൾ മികച്ച കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്താൻ തീരുമാനിക്കുന്നു.
2. 15 മികച്ച പ്രോഗ്രാമുകളെങ്കിലും നിലയ്ക്കലും, പമ്പയിലും സന്നിധാനത്തും നടത്താവുന്നതാണ്. സ്വമേധയാ പരിപാടികൾ അവതരിപ്പിക്കുന്ന ദിവസം ഇത്തരത്തിലുള്ള ചെലവ് ചെയ്ത് നടത്തുന്ന പരിപാടികൾ വേണ്ടായെന്ന് തീരുമാനിക്കുന്നു.
3. സ്വയം പരിപാടികൾ അവതരിപ്പിക്കുന്നവർക്ക് പ്രതിഫലം കൊടുക്കേണ്ടതില്ല. എങ്കിലും സാമാന്യ മര്യാദയുടെ പേരിൽ അഞ്ചിൽ കവിയാതെ അരവണ ടിന്നുകൾ സൗജന്യമായി നൽകാനും, പിന്നെ വേഷം മാറാനും മറ്റുമായി പബ്ലിക് റിലേഷൻസ് ഓഫീസറുടെ നിയന്ത്രണത്തിൽ ഒരു മുറിയും നൽകാൻ തീരുമാനിക്കുന്നു.
4. സ്ത്രീകളുടെ തിരുവാതിരകളിയും മറ്റും സന്നിധാനത്ത് അവതരിപ്പിക്കേണ്ടതില്ല. കഴിവതും സംഗീതപരിപാടികൾ - വായ്പാട്ടോ, ഭജനകളോ, ഇൻസ്ട്രുമെന്റൽ മ്യൂസിക്കോ ആണ് പ്രോൽസാഹിപ്പിക്കേണ്ടത്.
5. നല്ല പരിപാടികൾ നിർദ്ദേശിക്കാനായി കൾച്ചറൽ ഡയറക്ടർ, പബ്ലിക് റിലേഷൻസ് ഓഫീസർ പുറമെ നിന്ന് ഒരു വിദഗ്ദർ ശ്രീ. പി. വേണുഗോപാൽ എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കാൻ തീരുമാനിക്കുന്നു.

IT Divisn.

6. പരിപാടികളും, പ്രതിഫലവും, തീയതിയും ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി തീരുമാനിക്കണം. ആകെ ചെലവ് 30 ലക്ഷത്തിൽ അധികരിക്കരുതെന്ന നിബന്ധനയോടെ ഈ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

7. പ്രോഗ്രാമുകൾ നിശ്ചയിച്ചാൽ അതിന്റെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതിന് പബ്ലിക് റിലേഷൻസ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

8. മലയാളത്തിലെ കലാകാരന്മാർ മാത്രമല്ല, അന്യസംസ്ഥാന കലാകാരന്മാരെയും കൂടി ഉൾപ്പെടുത്താൻ സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,

(ഒപ്പ്)

സെക്രട്ടറി

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) കൾച്ചറൽ ഡയറക്ടർ
3) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
4) പബ്ലിക് റിലേഷൻസ് ഓഫീസർ
5) പ്രോജക്ട് എഞ്ചിനീയർ, ഐ.ടി ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
6) സെക്ഷൻ ഫയൽ
7) ഷെയർ ഓഫീസ് കോപ്പി

30/10/25

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി
ശബരിമല സെൽ